## പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 7356

17.07.2012 ൽ മറുപടി നൽകേണ്ടിയിരുന്നത്

### സംസ്ഥാനത്തെ ബി.പി.എൽ കുടുംബങ്ങളുടെ വിശദാംശം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എ.കെ.ബാലൻ | | ശ്രീ. കെ. സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) | |
| എ) | സംസ്ഥാനത്ത് നിലവിൽ എത്ര ലക്ഷം കുടുംബങ്ങളാണ് ബി.പി.എൽ. പട്ടികയിൽ ഉള്ളതെന്ന് വ്യക്തമാക്കുമോ ; | എ) | 2009 ബി.പി.എൽ സർവ്വേ പ്രകാരം പ്രസിദ്ധീകരിച്ച ബി.പി.എൽ പട്ടികയിൽ 3229823 കുടുംബങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. |
| ബി) | ഈ സർക്കാർ അധികാരമേറ്റശേഷം പുതിയ പട്ടിക തയ്യാറാക്കുകയോ പഴയപട്ടിക പരിഷ്കരിക്കുകയോ ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | ബി) | കേന്ദ്ര സർക്കാരിന്റെ നിർദ്ദേശം അനുസരിച്ച് 2012 ഏപ്രിൽ 10 മുതൽ പുതിയ സോഷ്യോ ഇക്കണോമിക് കാസ്റ്റ് സർവ്വേ ആരംഭിച്ചു. സർവ്വേ പൂർത്തിയാകുമ്പോൾ പുതിയ ലിസ്റ്റ് നിലവിൽ വരും |
| സി) | ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര കുടുംബങ്ങളെയാണ് ബി.പി.എൽ പട്ടികയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത് ; | സി | 3970 അനർഹരെ ബി.പി.എൽ. ലിസ്റ്റിൽ നിന്നും നീക്കം ചെയ്തിട്ടുണ്ട്. |
| ഡി) | ഈ സർക്കാർ വന്നതിന് ശേഷം എത്ര കുടുംബങ്ങളെ പുതുതായി ബി.പി.എൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് ; | ഡി) | ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് 2009 സർവ്വേ ലിസ്റ്റിനെക്കുറിച്ച് കിട്ടിയ പരാതികൾ പരിശോധിച്ചതിന് ശേഷമേ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ. |
| ഇ) | പൊതുജന സമ്പർക്ക പരിപാടിയിൽ എ.പി.എൽ - ബി.പി.എൽ ആക്കാൻ എത്ര അപേക്ഷകൾ ലഭിച്ചിരുന്നു ; ഇതിൽ എത്ര അപേക്ഷകൾ ഇതിനകം എ.പി.എൽ - ൽ നിന്നും ബി.പി.എൽ ആക്കി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | ഇ) | പൊതുജന സമ്പർക്ക പരിപാടിയിൽ 205590 അപേക്ഷകൾ ലഭിച്ചു. ഇതിൽ 2593 പേരെ ബി.പി.എൽ. ആക്കി മാറ്റി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ